ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 19.04.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. മോദി സർക്കാരിൻറെ ഭരണത്തിൽ പ്രതിരോധ കയറ്റുമതിയിൽ നാൽപ്പത് മടങ്ങ് വർധന ഉണ്ടായതായി രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്.

   **Defence Minister Rajnath Singh said that there has been a forty-fold increase in defence exports under the Modi government.**

2. 10 വർഷത്തിനിടെ രാജ്യത്തെ ഇലക്ട്രോണിക്സ് നിർമാണം അഞ്ച് മടങ്ങ് വർദ്ധിച്ചതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ഇലക്ട്രോണിക്സ് കയറ്റുമതിയിൽ വർധന ആറ് മടങ്ങ്.

   **Union Minister Ashwini Vaishnav said that the country's electronics manufacturing has increased five-fold in 10 years. The increase in electronics exports is six-fold.**

3. ഛത്തീസ്ഗഢിൽ 33 നക്സലൈറ്റുകൾ കൂടി കീഴടങ്ങി; എത്രയും വേഗം ആയുധം ഉപേക്ഷിക്കാൻ നക്സലൈറ്റുകളോട് അഭ്യർഥിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **In Chhattisgarh, 33 Maoists surrender before security forces in Sukma district. Union Home Minister Amit Shah**

has appealed to the Naxalites to lay down their arms as soon as possible.

4. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഇത്തവണത്തെ ഹജ്ജ് യാത്ര അടുത്തമാസം 11 ന് ആരംഭിക്കും.

This year's Hajj pilgrimage from Kannur International Airport will begin on the 11 th of next month.

5. ക്രിസ്തുദേവന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ആഘോഷമായ ഈസ്റ്റർ നാളെ.

Easter, the celebration of the resurrection of Christ, is tomorrow. Special prayers will be held in churches.

6. അണ്ടർ 18 ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പുരുഷ ജാവ്‌ലിൻ ത്രോയിൽ ഇന്ത്യയുടെ ഹിമാൻഷു ജഖറിന് സ്വർണം.

India's Himanshu Jakhar made history by winning the country's first-ever Asian U18 Athletics Championships gold in the men's javelin throw in Dammam, Saudi Arabia.

&&&&&&&&&&&&&&&

## RAJNATH-DEFENCE EXPORTS (INTRO)

2030 ആകുമ്പോഴേക്കും രാജ്യത്തിൻറെ പ്രതിരോധ കയറ്റുമതി 50,000 കോടി രൂപയിലെത്തുമെന്ന് രാജ്യരക്ഷാമന്ത്രി മന്ത്രി രാജ്‌നാഥ് സിംഗ്. മഹാരാഷ്ട്രയിലെ ഛത്രപതി സംഭാജിനഗറിൽ 'മറാത്ത്‌വാഡ - ആത്മനിർഭർ ഭാരത് കി രക്ഷാ ഭൂമി' സംവാദ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മോദി സർക്കാരിൻറെ പ്രതിരോധ കയറ്റുമതിയിൽ

നാൽപ്പത് മടങ്ങ് വർദ്ധന ഉണ്ടായതായി അദ്ദേഹം ചൂണ്ടിക്കാട്ടി. 2014 ൽ പ്രതിരോധ കയറ്റുമതി ഏകദേശം 600 കോടി രൂപയായിരുന്നുത് ഇപ്പോൾ 24,000 കോടി രൂപയായി ഉയർന്നതായും അദ്ദേഹം അറിയിച്ചു.

(വോയ്സ്)

&&&&&&&&&&&&&&&

## VAISHNAW ELECTRONICS

10 വർഷത്തിനിടെ രാജ്യത്തെ ഇലക്ട്രോണിക്സ് നിർമാണം അഞ്ച് മടങ്ങും കയറ്റുമതി ആറ് മടങ്ങും വർദ്ധിച്ചതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ഇലക്ട്രോണിക്സ് നിർമാണ മേഖലയിൽ ഏകദേശം 25 ലക്ഷം പേർ ജോലി ചെയ്യുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഹരിയാനയിലെ ഗുരുഗ്രാമിലെ മനേസറിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

&&&&&&&&&&&&&&&

## NAXALS – AMIT SHAH

എത്രയും വേഗം ആയുധം ഉപേക്ഷിക്കാൻ നക്സലൈറ്റുകളോട് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അഭ്യർത്ഥിച്ചു. ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ നിന്ന് ആയുധങ്ങളുമായി 22 നക്സലൈറ്റുകളും സുക്മയിലെ ബദെസെത്തി പഞ്ചായത്തിൽ 11 നക്സലൈറ്റുകളും കീഴടങ്ങി. ഇതോടെ ബദെസെത്തി പഞ്ചായത്ത് പൂർണമായും നക്സൽ രഹിതമായെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&

## INDIA - SPACE MISSION

ബഹിരാകാശ യാത്രയിൽ നിർണായക അധ്യായം എഴുതാൻ ഇന്ത്യ. ഇന്ത്യൻ വ്യോമസേനയിലെ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല അടുത്ത മാസം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് യാത്ര തിരിക്കും. കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിങ്ങാണ് ഇക്കാര്യം അറിയിച്ചത്. 1984 ൽ രാകേഷ് ശർമയ്ക്കുശേഷം ബഹിരാകാശയാത്ര നടത്തുന്ന ആദ്യ ഇന്ത്യക്കാരനാകും ശുഭാംശു ശുക്ല.

&&&&&&&&&&&&&&&

## BRICS-AGRI MINISTERS MEET (INTRO)

ചെറുകിട കർഷകരെ സംരക്ഷിക്കുകയും ശാക്തീകരിക്കുകയും ചെയ്യില്ലെങ്കിൽ ആഗോള ഭക്ഷ്യസുരക്ഷാ ലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെടില്ലെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ബ്രിക്സ് കൃഷി മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ത്രീകളെ സാമൂഹികമായും സാമ്പത്തികമായും രാഷ്ട്രീയപരമായും ശക്തിപ്പെടുത്തുക എന്നത് രാജ്യത്തിൻറെ സുപ്രധാന ദൗത്യമാണെന്നും അദ്ദേഹം പറഞ്ഞു .

(ഹോൾഡ്)

&&&&&&&&&&&&&&&

## MALDA VISIT

ദേശീയ മനുഷ്യാവകാശ കമ്മീഷൻ, ദേശീയ വനിതാ കമ്മീഷൻ പ്രതിനിധികൾ ഇന്നലെ പശ്ചിമബംഗാളിലെ മാൾഡയിലെ ബൈഷ്ണബ്നഗറിലെ പർലാൽപൂർ സന്ദർശിച്ചു. വഖഫ് നിയമഭേദഗതിയുമായി ബന്ധപ്പെട്ട് മൂർഷിദാബാദിലുണ്ടായ പ്രതിഷേധത്തിനിടെയുണ്ടായ അക്രമങ്ങൾക്ക് ഇരയായവരുമായി പ്രതിനിധികൾ കൂടിക്കാഴ്ച നടത്തി. ദുരിതാശ്വാസ ക്യാമ്പുകളിലെ സ്ത്രീകളും കുട്ടികളും കടുത്ത ദുരിതത്തിലാണെന്ന് ദേശീയ വനിത കമ്മീഷൻ അധ്യക്ഷ വിജയ രഹത്കർ പറഞ്ഞു.

&&&&&&&&&&&&&&&

## INDIA ON BANGLADESH COMMENT

പശ്ചിമ ബംഗാളിലെ സംഭവവികാസങ്ങളെക്കുറിച്ച് ബംഗ്ലാദേശ് ഉദ്യോഗസ്ഥർ നടത്തിയ പരാമർശങ്ങൾ തള്ളി ഇന്ത്യ. ബംഗ്ലാദേശിൽ ന്യൂനപക്ഷങ്ങൾക്കെതിരായ പീഡനങ്ങളെക്കുറിച്ചുള്ള ഇന്ത്യയുടെ ആശങ്കകളുമായി ഈ സംഭവത്തെ ബന്ധപ്പെടുത്താനുള്ള ശ്രമമാണിതെന്ന് വിദേശമന്ത്രാലയ വക്താവ് രന്ധീർ ജയ്സ്വാൾ പറഞ്ഞു. അനാവശ്യമായ അഭിപ്രായങ്ങൾ പറയുന്നതിനു പകരം, ബംഗ്ലാദേശ് സ്വന്തം ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&

## PMs SPEECHES-BOOK LAUNCH

പ്രധാനമന്ത്രി നരേന്ദ്ര മോദി വിവിധ അവസരങ്ങളിൽ നടത്തിയ പ്രസംഗങ്ങളുടെ സമാഹാരമായ 'സംസ്കൃതി കാ പഞ്ചവ അധ്യായ്' എന്ന പുസ്തകം ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. ജുന അഖാഡ തലവൻ ആചാര്യ മഹാമണ്ഡലേശ്വർ സ്വാമി അവധേശാനന്ദ് ഗിരി പുസ്തകം പ്രകാശനം ചെയ്തു. രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

&&&&&&&&&&&&&&&

## NO GST on UP

രണ്ടായിരം രൂപയിലധികമുള്ള UPI ഇടപാടുകൾക്ക് ചരക്കുസേവനനികുതി ഏർപ്പെടുത്താൻ ഉദ്ദേശമില്ലെന്ന് കേന്ദ്ര സർക്കാർ. ഇത്തരത്തിൽ പ്രചരിക്കുന്ന വാദങ്ങൾ യാതൊരു അടിസ്ഥാനവുമില്ലാത്തതുമാണെന്ന് ധനമന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&

## EASTER – TOMORROW

യേശു ക്രിസ്തുവിന്റെ പീഡാനുഭവത്തിൻറെയും കുരിശുമരണത്തിൻറെയും ഓർമ പുതുക്കി ലോകമെമ്പാടും ക്രൈസ്തവർ ഇന്നലെ ദു:ഖവെള്ളി ആചരിച്ചു. ഇന്ന് വലിയ ശനി ആചരിക്കുന്നു. ക്രിസ്തുദേവന്റെ ഉയിർത്തെഴുന്നേൽപ്പിൻറെ ആഘോഷമായ ഈസ്റ്റർ അഥവാ ഉയിർപ്പ് തിരുനാൾ നാളെയാണ്. ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകൾ നടക്കും.

&&&&&&&&&&&&&&&

## EASTER– TRAIN SERVICE

ഈസ്റ്റർ തിരക്ക് പരിഗണിച്ച് സംസ്ഥാനത്തെ 10 ട്രെയിൻ സർവീസുകളിൽ അധിക കോച്ച് ഉൾപ്പെടുത്തിയതായി റെയിൽവേ. കോഴിക്കോട് - തിരുവനന്തപുരം ജനശതാബ്ദി, കാരയ്ക്കൽ - എറണാകുളം, അമൃത, മാവേലി, മലബാർ എക്സ്പ്രസ്സുകളിലാണ് തിങ്കളാഴ്ച വരെ അധിക കോച്ചുകൾ ഉൾപ്പെടുത്തിയത്.

&&&&&&&&&&&&&&&

## HAJJ – KANNUR (INTRO)

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഇത്തവണത്തെ ഹജ്ജ് യാത്ര അടുത്തമാസം 11 ന് ആരംഭിക്കും. ഹജ്ജ് ക്യാമ്പിൻറെ സംഘാടക സമിതി രൂപീകരണ കൺവെൻഷൻ മട്ടന്നൂരിൽ കെ.കെ.ശൈലജ M LA ഉദ്ഘാടനം ചെയ്തു. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.....

(വോയിസ്)

&&&&&&&&&&&&&&&

## JEE MAIN RESULT

ഈ വർഷത്തെ ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ, ജെ.ഇ.ഇ മെയിൻ രണ്ടാം ഘട്ട പരീക്ഷയുടെ ഫലം ഇന്ന് പ്രഖ്യാപിക്കും. jeemain.nta.nic.in എന്ന വെബ്സൈറ്റിൽ ഫലം ലഭ്യമാകും.

&&&&&&&&&&&&&&&

## ASIAN U18 ATHLETICS CHAMPIONSHIPS

സൗദി അറേബ്യയിലെ ദമാമിൽ പതിനെട്ടുവയസ്സിൽ താഴെയുള്ളവരുടെ ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പുരുഷ ജാവ്ലിൻ ത്രോയിൽ ഇന്ത്യയുടെ ഹിമാൻഷു ജഖറിനു സ്വർണ്ണം. ഒരു സ്വർണം, 5 വെള്ളി, 5 വെങ്കലം ഉൾപ്പെടെ ആകെ 11 മെഡലുകളാണ് ഇന്ത്യ നേടിയത്. പുരുഷ ഹൈജമ്പിൽ, ദേവക് ഭൂഷൺ വെള്ളി നേടി. വനിതകളുടെ 100 , 200 മീറ്റർ ഇനങ്ങളിൽ ആരതി വെങ്കലം സ്വന്തമാക്കി.

&&&&&&&&&&&&&&&

## SQUASH- WORLD QUALIFYING

ക്വാലാലംപൂരിൽ നടക്കുന്ന സ്ക്വാഷ് ലോക ചാമ്പ്യൻഷിപ്പിൻറെ യോഗ്യതാ റൗണ്ടിൽ ഇന്ത്യൻ താരങ്ങളായ വീർ ചോട്രാനി, അനാഹത് സിംഗ്, അകാൻക്ഷ സലുങ്കെ എന്നിവർ സെമിഫൈനലിൽ പ്രവേശിച്ചു.

&&&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെതിരെ, പഞ്ചാബ് കിംഗ്സിന് ജയം. ഇന്ന് രണ്ടു മത്സരങ്ങൾ. അഹമ്മദാബാദിൽ വൈകുന്നേരം 3.30 ന് ഗുജറാത്ത് ടൈറ്റൻസ് -ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ജയ്പ്പൂരിൽ മറ്റൊരു മത്സരത്തിൽ രാജസ്ഥാൻ റോയൽസ് -ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും.

&&&&&&&&&&&&&&&

## US-ITALY IMEC

ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി പദ്ധതിയെ അമേരിക്കയും ഇറ്റലിയും സംയുക്ത പ്രസ്താവനയിൽ പ്രശംസിച്ചു. ഇടനാഴി ഇന്ത്യ മുതൽ ഗൾഫ് വരെയും ഇസ്രായേലിലേക്കും ഇറ്റലിയിലേക്കും തുടർന്ന് അമേരിക്കയിലേക്കും സാമ്പത്തിക വികസനം സാധ്യമാക്കുമെന്നും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&

## US-RUSSIA UKRAINE

ഇരു കക്ഷികളും വേണ്ടവിധം സഹകരിച്ചില്ലെങ്കിൽ റഷ്യ, യുക്രൈൻ സമാധാന ചർച്ചകൾക്ക് സഹായിക്കാൻ ശ്രമിക്കുന്നത് നിർത്തുമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപ്. യുദ്ധം വേഗത്തിൽ അവസാനിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. എന്നാൽ അതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&

## WORLD LIVER DAY

ഇന്ന് ലോക കരൾ ദിനം. കരളിന്റെ ആരോഗ്യത്തിന് ഭക്ഷണക്രമത്തിൻറെയും പോഷകാഹാരത്തിൻറെയും പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായി എല്ലാ വർഷവും ഏപ്രിൽ 19 ന് ലോക കരൾ ദിനമായി ആചരിക്കുന്നു. **"ഭക്ഷണമാണ് ഔഷധം"** എന്നതാണ് ഈ വർഷത്തെ ലോക കരൾ ദിന പ്രമേയം.

&&&&&&&&&&&&&&&

## DR. MATHEW SAMUEL KALARIKKAL

ഇന്ത്യയിലെ 'ആൻജിയോപ്ലാസ്റ്റിയുടെ പിതാവ്' എന്നറിയപ്പെടുന്ന പ്രശസ്ത ഹൃദയാരോഗ്യ വിദഗ്ധൻ ഡോ. മാത്യു സാമുവൽ കളരിക്കൽ അന്തരിച്ചു. 77 വയസായിരുന്നു. ഇന്നലെ ചെന്നൈ അപ്പോളോ ആശുപത്രിയിലായിരുന്നു അന്ത്യം. ഡോ.മാത്യു സാമുവൽ കളരിക്കലിൻ്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

&&&&&&&&&&&&&&&

## CM – KASARGOD

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ സംസ്ഥാനതല ഉത്ഘാടനം തിങ്കളാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ കാസർഗോഡ് നിർവഹിക്കും. മെയ് 30 വരെ വിപുലമായ പരിപാടികളോടെയാണ് വാർഷികാഘോഷം സംഘടിപ്പിക്കുന്നത്. വാർഷികാഘോഷ പരിപാടിയുടെ സമാപനം തിരുവനന്തപുരത്തു നടക്കും.

&&&&&&&&&&&&&&&

## PALAKKAD

പാലക്കാട് കോട്ടായിയിൽ വെടിക്കെട്ടിനിടെ ഉണ്ടായ അപകടത്തിൽ ആറ് പേർക്ക് പരിക്കേറ്റു. കോട്ടായി പെരുംകുളങ്ങര ക്ഷേത്ര ഉത്സവത്തിനിടെ ഇന്നലെ രാത്രി പത്ത് മണിയോടെയായിരുന്നു അപകടം. വെടിപ്പുരയ്ക്ക് തീപിടിച്ചായിരുന്നു അപകടമെന്ന് പോലീസ് പറഞ്ഞു.

പരിക്കേറ്റവരെ പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

&&&&&&&&&&&&&&&

## MB RAJESH

പാഴ് വസ്തു സംഭരണത്തിൽ കേരളം സർവ്വകാല നേട്ടം കൈവരിച്ചതായി മന്ത്രി എം ബി രാജേഷ്. ഇക്കാര്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം നിർണായകമെന്നും മന്ത്രി പറഞ്ഞു. നിർമാണം പൂർത്തീകരിച്ച പാലക്കാട്, മേലാർകോട് എംസിഎഫ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&